**File No.LBRD-C2/79/2019-LBRD**

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
21 JUN 2019
82688/19
21/06/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കേരളത്തിലെ ഐ.ടി.ഐ കളിലെ പ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകുന്ന 3% സംവരണം 4% ആയി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.725/2019/തൊഴില് തീയതി,തിരുവനന്തപുരം, 20/06/2019

---

പരാമർശം:- 1) സ.ഉ.(സാധാ)നം.2531/04/തൊഴിൽ, തീയതി 24/09/2004

2) കേന്ദ്ര സർക്കാരിന്റെ 28.12.2016 ലെ ഗസറ്റ് വിജ്ഞാപനം

3) ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ 05.04.2019 ലെ എംഎസ്ഡിഇ-19/02/2018 നമ്പർ കത്ത്.

4) ട്രെയിനിംഗ് ഡയറക്ടറുടെ 04.06.2019 ലെ ഡിറ്റി/2685/2019-സി1 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ ഐ.ടി.ഐ. കളിലെ കോഴ്സുകളിലെ പ്രവേശനത്തിന് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 3% സംവരണം അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര സർക്കാർ പരാമർശം - 2 പ്രകാരം പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപന പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള ആകെ സംവരണം 3% ത്തിൽ നിന്നും 4% ആയി ഉയർത്തിയിട്ടുണ്ട്. 2019 അഡ്മിഷൻ മുതൽ ഐ.ടി.ഐ.കളിൽ ടി ഉത്തരവ് പ്രാവർത്തികമാക്കാൻ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പരാമർശം - 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ടി സാഹചര്യത്തിൽ, ഭിന്നശേഷിക്കാരുടെ സംവരണനിരക്ക് ഉയർത്തുന്നത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം 4 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേന്ദ്ര നിയമ മന്ത്രാലയം പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ ഖണ്ഡിക 34 (1)-ൽ നിഷ്കർഷിച്ച പ്രകാരം, കേരളത്തിലെ ഐ.ടി.ഐ കളിലെ പ്രവേശനത്തിന് ചുവടെ ചേർത്തിരിക്കുന്ന ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകിവരുന്ന 3% സംവരണം 1:1:1:1 എന്ന അനുപാതത്തിൽ 4% ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന (a, (b), (c) വിഭാഗത്തിൽപ്പെട്ടവർക്ക് ഒരോ ശതമാനം വീതവും (d) യും (e) യും

**File No.LBRD-C2/79/2019-LBRD**

വിഭാഗത്തിലുള്ളവർക്ക് ആകെ ഒരു ശതമാനവും എന്ന കണക്കിലാണ് സംവരണം നൽകേണ്ടത്. 2019 ലെ അഡ്മിഷൻ മുതൽ ഈ ഉത്തരവ് നടപ്പിലാക്കേണ്ടതാണ്.

(a) blindness and low vision,

(b) deaf and hard of hearing,

(c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy,

(d) autism intellecutal disability, specific learning disability and mental illness,

(e) multiple disabilities from amongst persons under items (a) to (d) including deaf-blindness in the posts identified for each disabilities,

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിഷ എസ്
അഡീഷണല് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സാമൂഹ്യ നീതി വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

<u>കീഴെഴുത്ത് നമ്പർ ഡി.റ്റി/2685/19-സി1 തീയതി 24/06/2019</u>

അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും അയയ്ക്കുന്നു.

For Director of Training

P K Madhavan
Additional Director of Training